LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

132 [1271] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില സഹകരണ സ്ഥാപനങ്ങളിൽ പ്രവർത്തന പരിധി ലംഘിച്ചും മാനദണ്ഡങ്ങൾ പാലിക്കാതെയും അനർഹരെ അംഗങ്ങളായി ചേർക്കുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അർഹരല്ലാത്തവരെ അംഗങ്ങളായി ചേർക്കുന്നത് തടയാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സമാന സ്വഭാവമുള്ള സംഘങ്ങളുടെ പ്രവർത്തനപരിധി പുനർനിർണ്ണയിച്ച് എല്ലാ സംഘങ്ങളിലും അംഗത്വ പരിശോധന നടത്താനും ഒരേ പ്രവർത്തനലക്ഷ്യമുള്ള ഒന്നിൽക്കൂടുതൽ സംഘങ്ങളിൽ അംഗത്വം ലഭിക്കാത്തവിധം ഏകീകരിച്ച തിരിച്ചറിയൽ കാർഡ് സംസ്ഥാനത്താകെ നൽകാനും നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് ഒരേദിവസം മുഴുവൻ പ്രാഥമിക സഹകരണ സംഘങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്താനും ഒരു സഹകാരിക്ക് ഒരു വാർഡിൽ മാത്രമായി വോട്ടവകാശം പരിമിതപ്പെടുത്താനും നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തി സഹകരണ രംഗത്ത് ഇന്നുള്ള പല തെറ്റായ പ്രവണതകളും ഇല്ലാതാക്കാൻ സർക്കാർ മുൻകൈ എടുക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളിൽ അംഗത്വം നൽകുന്നത് ഭരണസമിതികൾ ആയതിനാൽ അനർഹരായവർക്ക് അംഗത്വം നൽകുന്നത് തടയാൻ സാധിക്കുന്നില്ല. എന്നാൽ അനർഹരായവരെ അംഗങ്ങളാക്കി ചേർത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അവരെ അംഗത്വത്തിൽനിന്ന് നീക്കം ചെയ്യുന്നതിന് സഹകരണ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ഇപ്പോൾ തിരിച്ചറിയൽ കാർഡ് നൽകാൻ സംവിധാനമുണ്ട്.

(ഡി) നിലവിലുള്ള സംവിധാനത്തിൽ ഇക്കാര്യം പ്രായോഗികമല്ല.

(ഇ) ഇപ്പോൾ ആലോചനയിലില്ല.

സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ

133 [1272] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സഹകരണ ബാങ്കുകൾ പുതിയതായി പ്രവർത്തനം ആരംഭിച്ചുവെന്ന് വെളിപ്പെടുത്താമോ;